**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിൽ വൺ ടൈം സെറ്റിൽമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി മൂലം കഷ്ടത അനുഭവിക്കുന്ന സാധാരണക്കാർക്ക് സമാശ്വാസമായി കെ.എസ്.എഫ്.ഇ.യിൽ വൺ ടൈം സെറ്റിൽമെന്റ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സാധാരണക്കാർക്ക് സമാശ്വാസമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കെ.എസ്.എഫ്.ഇ നടപ്പിലാക്കിവന്നിരുന്നു. ദീർഘകാല കുടിശ്ശിക നിലനിൽക്കുന്ന അക്കൗണ്ടുകളിൽ 'മുതൽ' തുക (Principal Amount) ഉടൻ അടയ്ക്കുവാൻ തയ്യാറുള്ള പക്ഷം പലിശയിൽ ഇളവ് നൽകിയാണ് ഈ പദ്ധതി നടപ്പാക്കിയത്. പ്രസ്തുത പദ്ധതി 31.08.2023 ൽ അവസാനിപ്പിച്ചു. ഇപ്പോൾ മറ്റ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളൊന്നും പരിഗണനയിലില്ല. |
| (ബി) | കെ.എസ്.എഫ്.ഇ.യിൽ ചിട്ടികൾ മുടങ്ങിയവർക്കും ലോൺ തിരിച്ചടവിൽ മുടക്കം വന്നവർക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകി സമാശ്വാസം നൽകുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2023 ഡിസംബർ 31 ന് മുൻപ് കുടിശ്ശികയായി മാറിയിട്ടുള്ള ചിട്ടികളിലും / വായ്പകളിലും പലിശയിൽ ഇളവ് നൽകി കുടിശ്ശിക തീർക്കുന്നതിനുള്ള പ്രത്യേക പദ്ധതി 2024 ഫെബ്രുവരി മുതൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ